(ബി) ഉദ്യോഗസ്ഥൻമാരുടെ അശ്രദ്ധയും മാനേജ്മെന്റിന്റെ കെടുകാര്യസ്ഥതയുമാണ് ഇതിനിടവരുത്തിയിട്ടുള്ളതെന്നറിയുമോ? ഇതിൻമേൽ ആരുടെയൊക്കെമേൽ നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ? നഷ്ടം ഈടാക്കാൻ നടപടി എടുത്തിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ;

(സി) 1998-ലെ പ്ലാനിംഗിൽ മേല്പ്പറഞ്ഞ പ്രകാരം കല്ലാല ഡിവിഷൻ എഫ്-ൽ മാത്രം എത്ര തൈ നഷ്ടപ്പെട്ടുവെന്ന് വ്യക്തമാക്കുമോ? കാരണം വെളിപ്പെടുത്തുമോ?

ഉത്തരം

(എ ) വിവിധ തോട്ടങ്ങളിൽ നിന്നും ശേഖരിക്കേണ്ട വിവരങ്ങളാണ്. വിവരം ശേഖരിച്ചു നൽകുന്നതാണ്.

(ബി) മണ്ണിന്റെ ഘടന, കാലാവസ്ഥയിലുള്ള വ്യതിയാനങ്ങൾ, വിവിധപൂപ്പൽ, കുമിൾ രോഗങ്ങൾ, വന്യമൃഗങ്ങൾ മൂലം ഉണ്ടാകുന്ന നാശങ്ങൾ എന്നിവമൂലം ഏതാനും തൈകൾ നഷ്ടപ്പെടാറുണ്ട്. നിർദ്ദിഷ്ട കാലയളവുവരെ ഗ്യാപ്പ് ഫില്ലിംഗ് നടത്തുകയും ചെയ്യുന്നു. ഉദ്യോഗസ്ഥരുടെ അശ്രദ്ധമൂലമോ കെടുകാര്യസ്ഥതമൂലമോ റീപ്ലാന്റിംഗ് സ്ഥലങ്ങളിൽ തൈകൾ നഷ്ടപ്പെട്ടതായി സംശയിച്ച സാഹചര്യങ്ങളിൽ ഗാർഹിക അന്വേഷണങ്ങൾ നടത്തുന്നുണ്ട്. ഇതു സംബന്ധമായി മുൻജനറൽ മാനേജർ (പ്രൊഡക്ഷൻ) മുൻ നിലംപൂർ എസ്റ്റേറ്റുമാനേജർ, മുൻ കൊടുമൺ എസ്റ്റേറ്റ് മാനേജർ, വെറ്റിലപ്പാറ എസ്റ്റേറ്റിലെ മുൻ ഫീൽഡ് എക്സിക്യൂട്ടീവ് എന്നിവരുടെ പേരിൽ അന്വേഷണ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(സി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

**173 (1906) ഓയിൽപാം ഇൻഡ്യാ ലിമിറ്റഡിന്റെ ഹെഡ്ഡാഫീസ്**

ശ്രീ. അടൂർ പ്രകാശ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഓയിൽപാം ഇൻഡ്യാ ലിമിറ്റഡിന്റെ ഹെഡ്ഓഫീസ് കോട്ടയത്ത് നിന്നും മാറ്റാൻ തീരുമാനിച്ചിട്ടുണ്ടോ; ഏങ്കിൽ എന്നാണ് തീരുമാനമെടുത്തതെന്നും എവിടേയ്ക്കാണ് മാറ്റാൻ ഉദ്ദേശിച്ചതെന്നും വ്യക്തമാക്കുമോ;

(ബി) എന്നത്തേക്ക് ഹെഡ് ഓഫീസ് മാറ്റാൻ ഉദ്ദേശിക്കുന്നു എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ ) ഓയിൽ പാം ഇൻഡ്യയുടെ ഹെഡ് ഓഫീസ് കോട്ടയത്ത് നിന്നും മാറ്റി സ്ഥാപിക്കാൻ തീരുമാനമായിട്ടില്ല.

(ബി) ഉദിക്കുന്നില്ല.

**174 (1907) കെ.എൽ.യു. ആക്ട്**

ശ്രീ. വി.സി കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവിൽ കെ.എൽ.യു-ൽ ആക്ട് വഴി പത്തു സെന്റിൽ താഴെ കൃഷിയിടം മാത്രമായുള്ളവർക്ക് സ്വന്തം വീട് വയ്ക്കുന്നതിന് അനുമതി നൽകുന്നുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly